ഉത്തരം

(എ) സംസ്ഥാനത്ത് കാസർഗോഡ്, നീലേശ്വരം ചെറുവത്തൂർ, ധർമ്മടം, പാലക്കാട്, ചേറ്റുവ, മുനക്കക്കടവ്, തോട്ടപ്പള്ളി, ന്യൂ മാഹി, പൂന്തുറ, വിഴിഞ്ഞം, സൗത്ത്, വള്ളിക്കുന്ന്, വെള്ളയിൽ ബീച്ച്, ചാലിൽ ഗോപാലപ്പേട്ട, കാട്ടൂർ പൊള്ളത്തായ്, പുന്നപ്ര, കൊയിലാണ്ടി, അർത്തുങ്കൽ, മൊയിലാളി കടപ്പുറം, കടപ്ര, തിക്കോടി, പാലപ്പെട്ടി, പടന്ന, മതിയനാട്, പരവൂർ, (ഗ്രാമപഞ്ചായത്ത് പദ്ധതി), നായരമ്പലം, ചെമ്പ്, ഉദയംപേരൂർ കുരിയാടി എന്നിവിടങ്ങളിലാണ് ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ഉള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ ഒന്നും നിർമ്മിച്ചിട്ടില്ല. കൊല്ലം ജില്ലയിലെ ചെരിക്കടവിൽ-കോയിവിള എന്ന സ്ഥലത്ത് 5 ലക്ഷം രൂപ ചെലവിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളും പ്രകൃത്യാ രൂപപ്പെട്ട സൗകര്യം ഉപയോഗപ്പെടുത്തിയാണ് നിർമ്മിച്ചിട്ടുള്ളത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ ആവശ്യാനുസരണം ഓരോ കേന്ദ്രത്തെയും വികസിപ്പിച്ച് കൂടുതൽ സൗകര്യപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണം

120 (3329) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തിൽ തീരദേശത്തുള്ള ഫിഷറീസ് റോഡുകൾ മിക്കതും തകർന്ന് പോയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണത്തിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(സി) ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണത്തിന് വകയിരുത്തിയ തുക എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഫിഷറീസ് റോഡുകളുടെ പുനരുദ്ധാരണത്തിന് 500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly